"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - പത്തനംത്തിട്ട ജില്ലയിലെ പ്രമാടം നേതാജി ഹയർ സെക്കന്ററി സ്കൂളിലെ അദ്ധ്യാപികയായ ശ്രീമതി. ശ്രീജ.എസ് സമർപ്പിച്ച അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.7633/2025/GEDN തീയതി,തിരുവനന്തപുരം, 29-09-2025

പരാമർശം:-
1. ശ്രീമതി. ശ്രീജ.എസ് സർക്കാരിലേക്ക് സമർപ്പിച്ച 23.05.2025-ലെ അപേക്ഷ.
2. പത്തനംത്തിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 27.08.2025-ലെ ഡി.ഇ.ഒ.പി.ടി.എ/1086/2025-ബി5 നമ്പർ കത്ത്.

ഉത്തരവ്

പത്തനംത്തിട്ട ജില്ലയിലെ പ്രമാടം നേതാജി ഹയർ സെക്കന്ററി സ്കൂളിൽ 17/08/2021 മുതൽ നിയമിതയായ ശ്രീമതി. ശ്രീജ.എസ് ന് 17/08/2021 മുതൽ ലഭിക്കേണ്ടിയിരുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നഷ്ടപ്പെടാതെ ലഭിക്കത്തക്കവണ്ണം ടിയാളുടെ 17/08/2021 മുതലുള്ള നിയമനം അംഗീകരിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പരാമർശം (1) പ്രകാരമുള്ള അപേക്ഷ സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

2) സർക്കാർ പ്രസ്തുത വിഷയം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, ഉത്തരവുകൾ, എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പ്രമാടം നേതാജി ഹൈസ്കൂളിലെ എൽ.ജി. (ഹിന്ദി) അധ്യാപിക ശ്രീമതി. ജിഷ ജി. പിള്ളയെ എച്ച്.എസ്.ടി. (ഹിന്ദി) തസ്തികയിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിലേക്ക് 17/08/2021 പ്രാബല്യം മുതൽ ശ്രീമതി. ശ്രീജ എസ്. നെ എൽ.ജി. (ഹിന്ദി) തസ്തികയിൽ മാനേജർ നിയമിച്ചു. എന്നാൽ ശ്രീമതി. ജിഷ ജി. പിള്ളയുടെ എച്ച്.എസ്.ടി. ഹിന്ദി തസ്തികയിലെ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാൽ ഒഴിവ് സ്ഥിരീകരിച്ചിട്ടില്ല, കൂടാതെ 2016-17 ൽ അനുവദിച്ച 5 യു.പി.എസ്.ടി. അധിക തസ്തികയിലേക്കുള്ള നിയമനങ്ങൾ അംഗീകരിക്കുന്നതിന് ഭാവിയിലുണ്ടാകുന്ന ഒഴിവുകൾ സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിനായി മാറ്റി വച്ച് കൊള്ളാമെന്ന് ഗവ. ഉത്തരവ് 4/21 തീയതി. 06/02/21 പ്രകാരം മാനേജർ ഡിക്ലറേഷൻ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ, മാനേജർ സംരക്ഷിത അധ്യാപകരെ അബ്സോർബ് ചെയ്തിട്ടില്ല, കൂടാതെ ജി.ഒ. (ആർ.ടി) നമ്പർ 3287/21 തീയതി 06/07/21 പ്രകാരം 05/07/21 മുതലുള്ള നിയമനങ്ങൾക്ക് സ്റ്റേ നിലനിൽക്കുന്നു, എന്നീ കാരണങ്ങളാൽ ടി നിയമനം ഉത്തരവ് നം. ബി5/29684/2021 തീയതി 13/12/2021 പ്രകാരം നിരസിക്കുകയുണ്ടായി. ഈ നിരസന

ഉത്തരവിന് എതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ ഹർജി സമർപ്പിച്ചു. ആയതിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് നമ്പർ ഇ.റ്റി.3/237393/2022 തീയതി. 09/03/2023 പുറപ്പെടുവിച്ചു. ആയതനുസരിച്ച് പ്രമാടം നേതാജി ഹൈസ്കൂളിലെ എൽ.ജി. (ഹിന്ദി) അദ്ധ്യാപിക ശ്രീമതി. ജിഷ.ജി. പിള്ള എച്ച്.എസ്.ടി. (ഹിന്ദി) തസ്തികയിൽ സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാൽ ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ല, കൂടാതെ ശ്രീമതി. ശ്രീജ എസ്. എൽ.ജി. (ഹിന്ദി) തസ്തികയിലെ നിയമനം 17/08/2021 പ്രാബല്യത്തിൽ ഉള്ളതാണ്. സർക്കാർ ഉത്തരവ് (പി) നമ്പർ 18/2018/എസ്.ജെ.ഡി തീയതി. 18/11/2018, സർക്കാർ ഉത്തരവ് (സാധാ) നമ്പർ 111/2022/ പൊ.വി.വ. തീയതി 25/06/2022, ബഹു. ഹൈക്കോടതിയുടെ 10/08/2022 ലെ റിട്ട് ഹർജി (സിവിൽ) നമ്പർ 19808/21 അനുബന്ധ കേസുകൾ എന്നതിലെ വിധി എന്നിവ പ്രകാരം ടിയാന്റെ നിയമന അംഗീകാരം മാനേജ്മെന്റ് ഭിന്നശേഷി സംവരണം നടപ്പാക്കിയതിന് ശേഷം മാത്രമേ പരിഗണിക്കാനാകൂ എന്നീ കാരണങ്ങളാൽ ശ്രീമതി. ശ്രീജ. എസ്. ന്റെ എൽ.ജി. (ഹിന്ദി) തസ്തികയിലെ 17/08/2021 മുതലുള്ള നിയമനം സർക്കാർ ഉത്തരവ് (പി) 18/2018/എസ്.ജെ.ഡി. തീയതി. 18/11/2018 നു ശേഷമുള്ള പുതിയ നിയമനം ആകയാൽ നിരസിച്ച് ഉത്തരവായിരുന്നു. എന്നാൽ മാനേജർ ഭിന്നശേഷി സംവരണം പാലിച്ച ശേഷം അപാകതകൾ ഉണ്ടെങ്കിൽ അവയും പരിഹരിച്ചു പ്രൊപോസൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുൻപാകെ പുന:സമർപ്പിക്കാവുന്നതാണ് എന്നും നിർദേശിച്ചിരുന്നു.

3) 23/01/2023-ലെ G.O.(P)2/23-ൽ, 2019-20 വർഷം വരെ G.O.(P) 10/2010 തീയതി, 12/10/2010 G.O.(P) 4/2021 തീയതി 06/02/2021 എന്നിവ പ്രകാരം നടത്തിയ നിയമനങ്ങൾക്ക് പകരമായി സംരക്ഷിത അദ്ധ്യാപകരെ നിയമിക്കേണ്ട ഒഴിവുകളിൽ കോടതിയിൽ നിലനിൽക്കുന്ന കേസുകളിലെ അന്തിമ വിധിന്യായം അനുസരിച്ചു സംരക്ഷിത അദ്ധ്യാപകരെ നിയമിച്ചാൽ മതിയെന്നാണ് നിർദേശിച്ചിട്ടുള്ളത് എന്നതിനാൽ പ്രമാടം ഹൈസ്കൂളിൽ സ.ഉ. 4/21 പ്രകാരം നടത്തിയ 5 നിയമനങ്ങൾക്ക് പകരമായി സംരക്ഷിത അദ്ധ്യാപകരെ കോടതി വിധികൾക്ക് അനുസൃതമായി നിയമിച്ചാൽ മതിയാകും. നേതാജി.എച്ച്.എസ്. പ്രമാടം സ്കൂൾ മാനേജർ ഇതേവരെ സമന്വയ മുഖേന റോസ്റ്റർ സമർപ്പിക്കുകയോ ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്കായി തസ്തിക മാറ്റി വെക്കുകയോ ചെയ്തിട്ടില്ല. എന്നിരിക്കലും സർക്കാർ ഉത്തരവ് നം. ജെ.ആർ 1/502/2023 പൊ.വി.വ. തീയതി. 01/11/23 പ്രകാരം ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട റോസ്റ്റർ സമർപ്പിക്കുന്നതിലെ വീഴ്ചയോ റോസ്റ്ററിലെ അപാകതയോ മാത്രമാണ് കാരണമെങ്കിൽ ആയത് കണക്കിലെടുക്കാതെ 19/10/23 ലെ കോടതിയലക്ഷ്യക്കേസ് നമ്പർ Con. Case (C) No. 2014/2023 in WA 1725/2022-ലെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ 18/11/2018 നും 08/11/2021 നും ഇടയ്ക്കുണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് പ്രൊവിഷണലായി നിയമനാംഗീകാരം നൽകാവുന്നതാണ് എന്നും 08/11/21 ന് ശേഷമുള്ളവ ദിവസ വേതന അടിസ്ഥാനത്തിലും അംഗീകരിക്കാവുന്നതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ശ്രീമതി. ശ്രീജ.എസ്. ന്റെ നിയമനം അംഗീകരിക്കുന്നതിന് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നിരസന ഉത്തരവിൽ പരാമർശിച്ചിരുന്ന മറ്റ് കാരണങ്ങൾ മേൽ പ്രസ്താവിച്ച പ്രകാരം നിലവിൽ നിലനിൽക്കുന്നില്ല എങ്കിലും ശ്രീമതി. ജിഷ.ജി. പിള്ളയുടെ സ്ഥാനക്കയറ്റ നിയമനം ഇതേ വരെ അംഗീകരിച്ചിട്ടില്ലാത്തതിനാൽ ശ്രീമതി. ശ്രീജ എസ്. ന് നിലനിൽക്കാൻ തസ്തിക സ്ഥാപിതമല്ല. മേൽ സാഹചര്യത്തിൽ ടിയാളുടെ നിയമനം നിലവിൽ അംഗീകരിക്കാൻ സാധ്യമല്ല എന്ന് കാണുന്നു. ആയതിനാൽ ശ്രീമതി. ശ്രീജ. എസ് സമർപ്പിച്ച പരാമർശം (1) അപേക്ഷ

നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASWATHY K

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട

ശ്രീമതി. ശ്രീജ.എസ്, ശ്രീജ ഭവൻ, ചാത്തന്നൂപുഴ, ചൂരക്കോട് പി.ഒ, അടൂർ, പത്തനംതിട്ട - 691551

മാനേജർ, നേതാജി ഹയർ സെക്കന്ററി സ്കൂൾ, പ്രമാടം, പത്തനംത്തിട്ട

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 29-09-2025 10:58:39

സെക്ഷൻ ഓഫീസർ